പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, അങ്ങയിലൂടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിലേയ്ക്ക് ഒരു പ്രധാനപ്പെട്ട കാര്യം പറയാനുണ്ട്. ചീഫ് സെക്രട്ടറി ശ്രീ. ടോം ജോസ് സംസ്ഥാന ക്യാബിനറ്റ് സെക്രട്ടറിയാണ്. കാബിനറ്റിന്റെ ഔദ്യോഗിക നിലപാടാണ് അദ്ദേഹം അറിയിക്കേണ്ടത്. ഇന്നദ്ദേഹം 'Times of India'-യിൽ എഴുതിയ ലേഖനത്തിൽ "It is like war: kill or be killed." ഇതിൽ അദ്ദേഹം പറയുന്നത്, ആർട്ടിക്കിൾ 21. ഭരണഘടനയിലെ ആർട്ടിക്കിൾ 21 പറയുന്നത്, " Protection of Life And Personal Liberty" എന്നാണ്. അദ്ദേഹം ഈ ലേഖനത്തിൽ പറയുന്നത്, വെടിയേറ്റ് മരിച്ച മാവോയിസ്റ്റുകൾക്ക് ആർട്ടിക്കിൾ 21 ബാധകമല്ല എന്നാണ്. ഇന്ത്യൻ ഭരണഘടന പ്രകാരം അടിയന്തരാവസ്ഥ സമയത്ത് മാത്രമേ ആർട്ടിക്കിൾ 21 ഓപ്പറേഷണൽ അല്ലാതാകുന്നുള്ളൂ. സംസ്ഥാനത്ത് ഇപ്പോൾ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചിരിക്കുകയാണെന്ന് സംസ്ഥാന ഗവൺമെന്റ് ക്യാബിനറ്റ് സെക്രട്ടറി തന്നെ അറിയിച്ചിരിക്കുന്നത് തീർത്തും ഗൗരവമായ കാര്യമാണ്. അദ്ദേഹം പറഞ്ഞ ഒരു വാചകംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. " There is no rationale in stating that Maoists who indulge in armed conflict have got the same human rights and privileges

as normal citizens." വളരെ ഗൗരവമുള്ളൊരു കാര്യമാണ്. ചീഫ് സെക്രട്ടറി ഇങ്ങനെ പറയാൻ പാടില്ല. ഏതെങ്കിലും മാവോയിസ്റ്റുകൾ കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ അത് വേറെ കാര്യം. നിയമപരം. പക്ഷേ, അവർക്ക് ഇന്ത്യൻ ഭരണഘടന അനുശാസിക്കുന്ന ആർട്ടിക്കിൾ 21 അനുസരിച്ച് Protection of life and liberty ഇല്ലെന്ന് ക്യാബിനറ്റ് സെക്രട്ടറി പറയുന്നത്, എന്താണ് കേരളത്തിൽ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചിരിക്കുകയാണോ? വളരെ ഗൗരവമുള്ളൊരു വിഷയമാണ്. അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഗവൺമെന്റ് ഇക്കാര്യം പരിശോധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ചീഫ് സെക്രട്ടറിയുടെ ലേഖനം ഞാൻ കണ്ടിട്ടില്ല. എന്നാൽ, മാവോയിസ്റ്റുകൾ അവിടെ ഭക്ഷണം കഴിക്കുകയായിരുന്നു എന്നൊക്കെ തരത്തിലുള്ള വാർത്തകൾ ഇപ്പോൾ വന്നുകൊണ്ടിരിക്കുന്നുണ്ട്. ഇവിടെ പോലീസ് റോന്തുചുറ്റുന്ന ഘട്ടത്തിൽ അവർക്കുനേരെ വെടിയുതിർക്കുകയാണ് ചെയ്തത്. അതിന്റെ ഭാഗമായിട്ടാണ് തിരിച്ചും വെടിവച്ചത്. അത് സ്വയരക്ഷയ്ക്കുള്ളതാണ്. ഈ പറഞ്ഞ ആർട്ടിക്കിളിന്റെ ഭാഗമൊന്നും അതിൽ വരുന്നില്ല. നിങ്ങൾ മാവോയിസ്റ്റുകളെ പരിശോധിക്കുന്ന ഘട്ടത്തിൽ ഇവരുടെ സാന്നിദ്ധ്യമുണ്ടോയെന്ന്

നോക്കാൻവേണ്ടി റോന്തുചുറ്റുമ്പോൾ ആ പോലീസ് സംഘത്തിന് നേരെയാണ് വെടിവയ്ക്കുന്നത്. സ്വാഭാവികമായും പോലീസ് തിരിച്ച് വെടിവച്ചിട്ടുണ്ടാകും. ഇതിനെ മറ്റൊരു രീതിയിൽ ചിത്രീകരിക്കാൻ ശ്രമിക്കുന്നത് ഒരുതരത്തിലും ഭംഗിയായ കാര്യമല്ല. കാരണം, ഇത് ഇവിടെ മാത്രം അവസാനിക്കുന്നതല്ല, ഇവിടെ മാത്രം തീരുന്നതല്ല.

ബഹുമാന്യനായ പ്രതിപക്ഷ നേതാവ് പറഞ്ഞ ലേഖനത്തിന്റെ കാര്യത്തിൽ എന്താണെന്ന് നോക്കിയാലേ പറയാൻ സാധിക്കുകയുള്ളൂ. ഞാൻ ആ ലേഖനം വായിച്ചിട്ടില്ല. വായിച്ചതിനുശേഷം എന്താണെന്ന് പരിശോധിക്കാം.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഇന്ന് മറുപടി പറയണമെന്നില്ല. പിന്നീട് സഭയെ അറിയിച്ചാൽ മതി.